I/47906/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

# KEAM-2023

**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം**

കേരളത്തിലെ സർക്കാർ കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും 2023 വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള സംസ്ഥാന ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **18.08.2023** ന് ആരംഭിച്ചു. തിരുവനന്തപുരം SUT മെഡിക്കൽ കോളേജിൽ, എം.ബി.ബിഎസ് കോഴ്സിന് അധികമായി അനുവദിക്കപ്പെട്ട 100 സീറ്റുകളിലേക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **18.08.2023 മുതൽ 22.08.2023, രാവിലെ 10.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. **ഒന്നാം ഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.** ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ എം.ബി.ബി.എസ്/ബി.ഡി.എസ് വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയില്ലെങ്കിലും ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും. ആദ്യ ഘട്ട അലോട്ട്മെന്റിലൂടെ ഏതെങ്കിലും മെഡിക്കൽ/ദന്തൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത സീറ്റിൽ താത്പര്യമില്ലാത്ത പക്ഷം **21.08.2023** വൈകുന്നേരം 5.00 മണിക്ക് മുൻപായി വിടുതൽ നേടാവുന്നതാണ്. എന്നാൽ അത്തരം

വിദ്യാർത്ഥികളെ തുടർന്നുള്ള കേന്ദ്രീകൃത അലോട്ട്മെന്റുകളിൽ പങ്കെടുപ്പിക്കുന്നതല്ല.

**22.08.2023 രാവിലെ 10.00 മണി വരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് **25.08.2023** ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 18.08.2023 | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ് സൈറ്റ് സജ്ജമാകുന്നു. |
| **22.08.2023 രാവിലെ 10.00 മണി വരെ** | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 25.08.2023 | **രണ്ടാം ഘട്ട അലോട്ട്മെന്റ് (താത്ക്കാലികം) പ്രസിദ്ധീകരണം** |
| 26.08.2023 | രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **01.09.2023 മുതൽ 04.09.2023 വൈകിട്ട് 4.00 മണി വരെ** | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രവേശനം നേടാനുള്ള സമയം. |

**<u>ഫീസ്</u>**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 2023-24 വർഷത്തെ എം.ബി.ബിഎസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സിന് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 2022-23 വർഷത്തെ ഫീസ് താത്ക്കാലികമായി അടക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/ സർക്കാർ/ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന 2023-24 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്.

**<u>ടോക്കൺ ഫീസ്</u>**

- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.
- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms) No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms) No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ടോക്കൺഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ മെഡിക്കൽ/ദന്തൽ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഒന്നാം ഖണ്ഡികയിൽ പറയുന്ന പ്രകാരമുള്ള ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

**<u>കുറിപ്പ്</u>**

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ 14.07.2023 No.ASC/100/23/MBBS/NRI പ്രകാരമുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ ബി.ഡി.എസ് /കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ ആദ്യ ഘട്ട അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളും താത്ക്കാലിക എൻ.ആർ.ഐ കാറ്റഗറി അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളും **22.08.2023 രാവിലെ 10.00 മണിക്ക്** മുമ്പായി എംബസി/കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയ കാലാവധിയുള്ള വിസ ഓൺലൈനായി അപ്‌ലോഡ് ചെയ്ത് ന്യൂനത പരിഹരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം വിസ കാലാവധി സംബന്ധിച്ച ന്യൂനത പരിഹരിക്കാത്ത വിദ്യാർത്ഥികളുടെ എൻ.ആർ.ഐ കാറ്റഗറിയും, എൻ.ആർ.ഐ ക്വാട്ടയിൽ ലഭിച്ച അഡ്മിഷനും റദ്ദാകുന്നതാണ്. ഇത്തരം വിദ്യാർത്ഥികളെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ തുടർന്നുള്ള അലോട്ട്മെന്റിൽ

I/47906/2023

എൻ.ആർ.ഐ ക്വാട്ടയിൽ പരിഗണിക്കുന്നതല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Arun K Vijayan
Date: 18-08-2023 15:38:20

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18-08-2023